# വനിതാ ബില്ല് കാലം തെറ്റിയ കൽപനകൾ

ഫസൽ കാതിക്കോട്

**വനിതാ** ശിശുക്ഷേമത്തിനായി നിയമ നിർമാണം നടത്താൻ വി.ആർ കൃഷ്ണയ്യർ ചെയർമാനായി അച്യുതാനന്ദൻ സർക്കാർ നിയമിച്ച കമീഷൻ കഴിഞ്ഞമാസം 9ന് റിപ്പോർട്ട് സമർപ്പിച്ചത് മാറിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കാണ്. 2010 സെപ്റ്റംബർ 8-ന് നിയമന ഉത്തരവ് കൈപ്പറ്റിയ കമീഷൻ ഒരൊറ്റ വർഷമാണ് ബൃഹത്തായ രണ്ടു ബില്ലുകൾ തയാറാക്കാനെടുത്തത്. ബില്ലിലെ വ്യവസ്ഥകളിലൂടെ കടന്നുപോവുമ്പോഴാണ് പതിറ്റാണ്ടുകൾക്കു മുമ്പുള്ള 'ആധുനിക' ആശയങ്ങൾ അവയെ എത്ര ആഴത്തിൽ സ്വാധീനിച്ചു എന്ന് വ്യക്തമാവുക.

ബില്ലിലെ ഒന്നാമധ്യായം മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കുന്നതിനും കുഞ്ഞുങ്ങളുടെ പുരോഗതിക്കും ആവശ്യമായ ജനസംഖ്യാ ആസൂത്രണത്തിനുമുള്ള വകുപ്പുകൾ എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിലെ മൂന്നാം വകുപ്പു തന്നെ അസാധാരണമായ വാദഗതികൾ മുന്നോട്ടുവെക്കുന്നു. സംസ്ഥാനത്തിന്റെ ജനസംഖ്യാ നിയന്ത്രണത്തി

> ● ശാസ്ത്രത്തിന്റെ അപ്രമാദിത്വം തകർക്കപ്പെടുകയും ഭൗതിക ദർശനങ്ങൾ പരാജയപ്പെടുകയും ചെയ്തിരിക്കുന്നു. മനുഷ്യൻ കേവലപദാർഥമല്ലെന്നും വികാരവിചാരങ്ങളും അതീത സത്തയുമുള്ള സൃഷ്ടിയാണെന്നുമുള്ള അറിവിലേക്കാണ് ലോകം പുരോഗമിക്കുന്നത്. ഒരുവശത്ത് നിയന്ത്രണമില്ലാത്ത വ്യക്തിസ്വാതന്ത്ര്യത്തിനായി വാദിക്കുന്നവർ തന്നെയാണ് മറുവശത്ത് ഈ ഏകമുഖ സാമൂഹിക തീവ്രവാദവും കൊണ്ടുവരുന്നതെന്ന വൈരുധ്യവും ഇവിടെയുണ്ട്.

ന്റെ മതേതര നയം എന്ന നിലയിൽ കുടുംബാസൂത്രണവും ജനനനിയന്ത്രണവും സ്വീകരിക്കൽ എന്നാണതിന്റെ തലക്കെട്ട്. സാമൂഹിക സുസ്ഥിരതക്കും കുടുംബങ്ങളുടെ മെച്ചപ്പെട്ട അവസ്ഥക്കും മികച്ച ദേശീയ സാമ്പത്തിക വളർച്ചക്കും കുടുംബാസൂത്രണവും ജനനനിയന്ത്രണവും അടിസ്ഥാന നയങ്ങളിലൊന്നായിരിക്കുമെന്നാണ് പ്രഖ്യാപിക്കുന്നത്. അനാരോഗ്യവും സാമ്പത്തിക പരാധീനതകളും തടയുന്നതിനും അസാധാരണമായ ജനസംഖ്യാവർധന നിയന്ത്രിക്കുന്നതിനും വേണ്ടിയായിരിക്കും ഈ നയം. ഒപ്പംതന്നെ വിവിധ സമുദായങ്ങൾക്കിടയിൽ സൗഹാർദവും സന്തോഷവും നിലനിർത്തുന്നതിനും ഇതാവശ്യമാണ്. സമൂഹത്തിൽ സാഹോദര്യവും മതേതര സ്വഭാവവും വളർത്തുന്നതിനും എല്ലാ കുടുംബങ്ങളിലെയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനും ഇതാവശ്യമാണ്.

ജനസംഖ്യാ നിയന്ത്രണം സാമ്പത്തിക സുസ്ഥിരതക്കും മെച്ചപ്പെട്ട കുടുംബങ്ങൾ നിർമിക്കുന്നതിനും ആവശ്യമാണെന്ന് വാദിക്കുന്നതോടൊപ്പം അത് മതേതരത്വത്തെ ശക്തിപ്പെടുത്താൻ കൂടിയാണെന്ന് കമീഷൻ പറയുന്നു. മതേതരത്വത്തിനും വിവിധ സമുദായങ്ങൾക്കിടയിൽ സൗഹാർദവും സന്തോഷവും നിലനിർത്തുന്നതിനും ഇതെങ്ങനെ ഉപകാരപ്പെടും? സാഹോദര്യവും മതേതര സ്വഭാവവും നിലനിർത്തുന്നതിനാണ് ഈ നയമെന്ന് രണ്ടിടത്ത് ആവർത്തിച്ചിരിക്കുന്നു. അതുപോലെ തന്നെ അസാധാരണമായ ജനസംഖ്യാ വളർച്ചയെ തടയുന്നതിനും കൂടിയാണിത്. ജനസംഖ്യാ നയവുമായി ബന്ധപ്പെട്ട യാതൊരു ചർച്ചയിലും ഇതുവരെ കടന്നുവന്നിട്ടില്ലാത്ത ഈ പദപ്രയോഗങ്ങളുടെ ഉദ്ദേശ്യമെന്താണെന്ന് കമീഷൻ തന്നെ വിശദീകരിക്കേണ്ടതുണ്ട്.

● ഈ നിയമം നിലവിൽവന്ന് ഒരുവർഷത്തിനുശേഷം ഇതിൽ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബത്തിൽ 2 കുട്ടികൾ എന്ന വ്യവസ്ഥയെ ലംഘിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന പ്രചാരണങ്ങൾ, പദ്ധതികൾ, പ്രവൃത്തികൾ നടത്തുന്ന വ്യക്തിയെ നിയമപരമായി അയോഗ്യതയുള്ളയാൾ (legally disqualified person) ആയി കണക്കാക്കുമെന്നും, പ്രേരണാകുറ്റത്തിന് ഇന്ത്യൻ പീനൽകോഡ് 107 അനുസരിച്ചുള്ള അർഥമാണ് ഈ അധ്യായത്തിലുമുള്ളത് എന്നും സെക്ഷൻ 5 പറയുന്നു.

**കുഞ്ഞുങ്ങൾ രണ്ടുമതി**

നാലാം വകുപ്പനുസരിച്ച് എല്ലാ ദമ്പതികളും അവരുടെ കുഞ്ഞുങ്ങളുടെ എണ്ണം രണ്ടിൽ പരിമിതപ്പെടുത്തണം. അതുവഴി ഈ അധ്യായത്തിൽ പരാമർശിക്കുന്ന നിയമപരമായ അയോഗ്യതകളെ മറികടക്കണം. വിവാഹമോചനം നേടിയവർ മറ്റൊരു വിവാഹം കഴിച്ചാൽ അതിലുണ്ടാവുന്ന കുട്ടികളെ മറ്റൊരു കുടുംബത്തിലെ കുട്ടികളായി പരിഗണിക്കുന്നതാണ്. ഒന്നിലേറെ വിവാഹത്തിൽ രണ്ടിലേറെ കുട്ടികൾ ഉണ്ടായാൽ കുറ്റകരമല്ല എന്നർഥം.

ഈ നിയമം നിലവിൽവന്ന് ഒരു വർഷത്തിനുശേഷം ഇതിൽ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബത്തിൽ 2 കുട്ടികൾ എന്ന വ്യവസ്ഥയെ ലംഘിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന പ്രചാരണങ്ങൾ, പദ്ധതികൾ, പ്രവൃത്തികൾ നടത്തുന്ന വ്യക്തിയെ നിയമപരമായി അയോഗ്യതയുള്ളയാൾ(legally disqualified person) ആയി കണക്കാക്കുമെന്നും, പ്രേരണാകുറ്റത്തിന് ഇന്ത്യൻ പീനൽകോഡ് 107 അനുസരിച്ചുള്ള അർഥമാണ് ഈ അധ്യായത്തിലുമുള്ളത് എന്നും സെക്ഷൻ 5 പറയുന്നു.

ഈ നിയമത്തെ അംഗീകരിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കും. 18 വയസിനുശേഷം വിവാഹിതരാവുകയും 20 വയസിനുശേഷം ഒന്നാമത്തെ കുഞ്ഞുണ്ടാവുകയും ചെയ്യുന്ന സ്ത്രീക്ക് 50000 രൂപ നൽകും. 3 വർഷത്തിനുശേഷം ജനിക്കുന്ന രണ്ടാമത്തെ കുഞ്ഞിനും ഇതേ തുക ലഭിക്കും. വ്യക്തിയോ സംഘടനകളോ ഈ നിയമത്തിനനുകൂലമായി പ്രചാരണങ്ങൾ നടത്താൻ തയാറായാൽ അവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകണം. ഇതിനെതിരായി പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്ന മതപരമോ, അക്കാദമികമോ, രാഷ്ട്രീയമോ ആയ സംഘടനകൾക്ക് ഗവർണർ സെക്ഷൻ 8 അനുസരിച്ച് രൂപവത്കരിക്കുന്ന കമീഷന്റെ ഉപദേശം തേടിയശേഷം നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സർക്കാറിന്റെ ജനസംഖ്യാ നയത്തിനനുകൂലമായി പ്രചാരണം നടത്തുന്നവർക്ക് അംഗീകാരങ്ങളും കാഷ് റിവാർഡുകളും നൽകേണ്ടതാണ്.

കമീഷന്റെ ഉത്തരവാദിത്വങ്ങളിൽ എഫ് ഉപവിഭാഗം പ്രതിപാദ്യ ജനസംഖ്യാ നയങ്ങളുടെ ലംഘനം നടത്തുന്നവർക്കുള്ള ശിക്ഷയെക്കുറിച്ച് പറയുന്നു. ഈ നയങ്ങളുടെ നിരന്തരമായ ലംഘനം നടത്തുന്നവരെ സിവിലും ക്രിമിനലുമായ നിയമലംഘകരായി കണക്കാക്കുകയും 10000 രൂപവരെ പിഴയും 3 മാസം വരെ തടവും നൽകേണ്ടതുമാണ്. ഈ ശിക്ഷകൾ സംസ്ഥാന നിയമസഭയുടെ അനുമതിയോടെ നിശ്ചയിക്കേണ്ടതാണ്. ഇത് പിന്നീട് റദ്ദാക്കണമെങ്കിൽ സഭയുടെ മൂന്നിൽ രണ്ട് അംഗങ്ങളുടെ അംഗീകാരം ആവശ്യമായിരിക്കും.

എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് ഇൻഷൂറൻസ് ഏർപ്പെടുത്തേണ്ടതാണ്. വന്ധ്യംകരണത്തിനു വിധേയരാവുന്നവർക്ക് പ്രത്യേക വ്യക്തിഗത ഇൻഷൂറൻസ് നൽകേണ്ടതാണ്. 20 വയസിനുശേഷം വിവാഹിതരാവുന്ന ബി.പി.എൽ ദമ്പതികൾക്ക് ഒന്നാമത്തെ കുഞ്ഞ് ജനിക്കുമ്പോൾ കമീഷൻ 5000 രൂപ പാരിതോഷികം നൽകേണ്ടതാണ്. വിവാഹ സമയത്തു തന്നെ ഗർഭനിരോധന ഉപാധികളും ബോധവത്കരണ സാഹിത്യങ്ങളും ദമ്പതികൾക്ക് ലഭ്യമാക്കണം. എല്ലാ

**പട്ടിക 1**

| വർഷം | ജനസംഖ്യാ വർധന നിരക്ക് Annual Growth rate | | പ്രത്യുൽപാദന നിരക്ക് fertility rate | |
|---|---|---|---|---|
| | Kerala | India | Kerala | India |
| 1990 | - | - | 5.6 | 6.3 |
| 1970 | 2.33 | 2.22 | 3.7 | - |
| 1980 | 1.76 | 2.26 | - | - |
| 1990 | 1.31 | 2.13 | 1.8 | 3.3 |
| 2001 | 0.93 | 1.95 | 1.7 | 2.81 |
| 2011 | - | - | 1.7 | 2.65 |

(കേരളാ സർക്കാർ പുറത്തിറക്കിയ മാനവ വികസന റിപ്പോർട്ട് 2005, സെൻസസ് റിപ്പോർട്ട് 2011, തുടങ്ങിയവ അവലംബിച്ച് തയാറാക്കിയ പട്ടിക).

ആശുപത്രികളിലും കൗൺസലിംഗിന് സൗകര്യമുണ്ടാക്കണം.

സുരക്ഷിതമായി ഗർഭഛിദ്രം നടത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ സ്വകാര്യ ആശുപത്രികളിൽ സൗജന്യമായി നൽകേണ്ടതാണ്. ഇത് പൊതുജനാരോഗ്യ നിയമത്തിൻ കീഴിലുള്ള ബാധ്യതയായി പരിഗണിക്കണം. 2 കുഞ്ഞുങ്ങളിൽ കൂടുതൽ ജനിപ്പിക്കാനുള്ള പ്രചാരണം നടത്താൻ ജാതി, മത, വർഗ വിഭാഗങ്ങളെയൊന്നും അനുവദിക്കാവതല്ല. എന്നാൽ രണ്ടിൽ കൂടുതലായി ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് നേരെ യാതൊരു വിവേചനവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ മാതാപിതാക്കൾ ഈ അധ്യായത്തിൽ പറയുന്ന ശിക്ഷകൾക്ക് വിധേയരാവുന്നതായിരിക്കും.

ഈ വ്യവസ്ഥകൾ ആരെങ്കിലും ലംഘിക്കുന്നുവെങ്കിൽ അതിനെക്കുറിച്ച് വ്യക്തികൾക്കോ സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ പരാതിപ്പെടാവുന്നതാണ്. ശിക്ഷാനടപടികൾ ഈ നിയമം നിലവിൽവന്ന് ഒരു വർഷത്തിനുശേഷം മാത്രമേ ആരംഭിക്കാവൂ. ജനനനിയന്ത്രണ മാർഗങ്ങളെക്കുറിച്ച് സർക്കാർ ബോധവത്കരണ പരിപാടികൾ നടത്തണം. എല്ലാ സർക്കാർ ആശുപത്രികളിലും വന്ധ്യംകരണത്തിന് സൗജന്യസംവിധാനം ഉണ്ടാക്കണം. ഒരു ജനസംഖ്യാ നിയന്ത്രണ ഓഫീസറെ നിയമിക്കണം.

വനിതാ ബില്ലിലെ രണ്ടാമത്തെ അധ്യായം നിയമനടപടിക്രമങ്ങൾക്ക് വിധേയയാകുന്ന സ്ത്രീക്ക് ലഭിക്കുന്ന സംരക്ഷണങ്ങൾ സംബന്ധിച്ചുള്ളതാണ്. ഇരകളോടുള്ള മികച്ച പെരുമാറ്റം, നിയമപാലകർ അനുവർത്തിക്കേണ്ട മര്യാദകൾ, ഇരകളുടെ കുടുംബത്തോടുള്ള സമീപനം, സൗജന്യ നിയമസഹായം, അതിവേഗ കോടതികൾ, പ്രത്യേക പോലീസ് വിഭാഗം, നഷ്ടപരിഹാരം തുടങ്ങിയ കാര്യങ്ങളിൽ വിവിധ വകുപ്പുകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മൂന്നാമധ്യായം വിധവാസംരക്ഷണത്തിന്റെ നിയമങ്ങളാണ്. മറ്റാരും സംരക്ഷിക്കാനില്ലെങ്കിൽ വിധവാസംരക്ഷണം സർക്കാറിന്റെ ബാധ്യതയാക്കുന്നു ഈ അധ്യായം. വിധവകൾക്ക് സംരക്ഷണ കേന്ദ്രം, പ്രത്യേക വിധവാ ഫണ്ട് സമാഹരണം തുടങ്ങിയ നല്ല നിർദേശങ്ങൾ ഇതിലുണ്ട്.

ഏതെങ്കിലും കാരണത്താൽ പോലീസ് കസ്റ്റഡിയിലെത്തപ്പെടുന്ന സ്ത്രീയോടനുവർത്തിക്കേണ്ട മര്യാദകളും അവളുടെ അവകാശങ്ങളുമാണ് അടുത്തതായി പ്രതിപാദിക്കുന്നത്. നീതിപീഠത്തിൽ സ്ത്രീയുടെ അവകാശങ്ങളാണ് തുടർന്നുള്ളത്. ജയിലിലിലടക്കപ്പെട്ട വനിതകളോടുള്ള പെരുമാറ്റങ്ങൾ നാലാമധ്യായത്തിന്റെ മറ്റൊരു ഉപവിഭാഗമാണ്. റെസ്ക്യൂഹോമുകളിലും ഇതര സംരക്ഷണകേന്ദ്രങ്ങളിലും സ്ത്രീക്ക് ലഭിക്കേണ്ട അവകാശങ്ങൾ തുടർന്ന് പ്രതിപാദിക്കുന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ സംരക്ഷണമാണ് അടുത്തത്.

കുടുംബകോടതികളിലൂടെയല്ലാതെ തന്നെ വിവാഹബന്ധം വേർപെടുത്തുന്നതിന് സ്ത്രീക്ക് അവകാശമുണ്ട്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ തുടർന്ന് പറയുന്നു. വിവാഹ ഓഫീസർ എന്നൊരു ഉദ്യോഗസ്ഥനെ ഇതിനായി നിയമിക്കണം. വിവാഹമോചനത്തിനായി അദ്ദേഹത്തെ സമീപിക്കാ

വുന്നതാണ്. അദ്ദേഹത്തിന്റെ നടപടിക്രമങ്ങൾ ബില്ലിന്റെ ഭാഗമായി വിശദീകരിക്കുന്നു. ഇത്രയുമാണ് വനിതാ ബില്ലിന്റെ രത്നച്ചുരുക്കം.

**കേരളവും കുടുംബാസൂത്രണവും**

കാടിളക്കിയുള്ള കുടുംബാസൂത്രണ പ്രചാരണത്തിന് ഇനിയും കേരളത്തിൽ യാതൊരു സാധ്യതയും ആവശ്യവുമില്ലെന്ന് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. എന്നല്ല, കുടുംബാസൂത്രണത്തിനെതിരായ പ്രചാരണം അനിവാര്യമാവുന്ന അവസ്ഥയിലേക്കാണ് കേരളത്തിലെ ജനസംഖ്യാ പ്രവണതകൾ വിരൽ ചൂണ്ടുന്നത്.


പ്രത്യുൽപാദന നിരക്കും (fertility rate) പ്രതിവർഷ ജനസംഖ്യാ വർധന നിരക്കും നിരന്തരമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 1960ൽ കേരളത്തിൽ ഒരു സ്ത്രീ ശരാശരി 5.6 കുഞ്ഞുങ്ങളെ പ്രസവിക്കുമായിരുന്നു. 2001ൽ ഇത് ആശങ്കാവഹമായ 1.7ലേക്ക് താഴ്ന്നു. 2011 സെൻസസിലും 1.7ൽതന്നെ നിലനിൽക്കുകയാണ് (പട്ടിക 1 നോക്കുക). ഒരു സമൂഹത്തിൽ ജനസംഖ്യ കൂടുകയോ കുറയുകയോ ചെയ്യാതെ നിലനിർത്തുന്നതിന് 2.1 കുട്ടികളെങ്കിലും ഒരു സ്ത്രീക്കുണ്ടായിരിക്കണം.

ഇപ്പോൾ കേരളത്തിൽ പ്രകടമായിരിക്കുന്നത് ജനസംഖ്യ വീണ്ടെടുക്കാനാവാത്ത വിധത്തിലുള്ള (sub-replacement fertility) പ്രത്യുൽപാദന നിരക്കാണ്. ഡെൻമാർക്ക്, ഫിൻലന്റ്, തുനീഷ്യ, സ്വീഡൻ, ബെൽജിയം, തായ്‌ലന്റ് തുടങ്ങിയ രാജ്യങ്ങളോടാണ് ഇക്കാര്യത്തിൽ കേരളത്തിന് താരതമ്യമുള്ളത്. ഈ രാജ്യങ്ങളിലെല്ലാം ജനസംഖ്യാ വർധനവിനായുള്ള ശ്രമങ്ങൾ ഊർജിതമായി നടന്നുവരികയാണെന്നുകൂടി അറിയുക.

ഇതോടൊപ്പം പരിഗണിക്കേണ്ടതാണ് കേരളത്തിൽ വർധിച്ചുവരുന്ന സന്താനമില്ലായ്മ. അനപത്യ ദുഃഖം പേറുന്ന ദമ്പതികൾ 20 ശതമാനത്തോളമാണെന്ന് എറണാകുളം ജില്ലാ റിപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് പ്രോഗ്രാം ഓഫീസർ ജയലാൽ മോഹൻ വെളിപ്പെടുത്തിയിരുന്നു (ഹിന്ദു ഒക്ടോ 3/2004). പാശ്ചാത്യ ജീവിതശൈലിയും പ്രവാസ ജീവിതവും മുതൽ കുഞ്ഞുങ്ങളിൽ നാപ്കിനുകൾ ഉപയോഗിക്കുന്നതുവരെ ഈ പ്രശ്നത്തിന് കാരണമാവുന്നു. വന്ധ്യരായവരുടെ എണ്ണം കൂടി പരിഗണിക്കുമ്പോൾ കേരളത്തിന് ഒരു ജനസംഖ്യാശോഷണ പ്രതിസന്ധിയാണ് (under population) അഭിമുഖീകരിക്കേണ്ടി വരിക.

ഇതിന്റെ സ്വാഭാവിക പ്രത്യാഘാതമായി അനതിവിദൂര ഭാവിയിൽത്തന്നെ കേരളം നരച്ചവരുടെ നാടായി മാറും. 1961ൽ അറുപതിനു മുകളിലുള്ളവർ 5.9 ശതമാനമായിരുന്നു. 91 ആയപ്പോൾ അവരുടെ എണ്ണം 8.8 ശതമാനം. 2001ൽ പത്തുശതമാനമായി. 2021ൽ ഇത് 17 ശതമാനമായി ഉയരുമെന്നാണ് കരുതപ്പെടുന്നത്. 15നും 59 വയസിനുമിടയിലുള്ളവരുടെ അഥവാ ജോലി ചെയ്യാൻ സാധിക്കുന്നവരുടെ എണ്ണം കുറയുന്നത് സാമൂഹികവും സാമ്പത്തികവുമായി ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. 1961ൽ ഒരു വൃദ്ധന് ഒമ്പത് യുവാക്കൾ ഉണ്ടായിരുന്നു. 91ൽ ഇത് കുറഞ്ഞ് ഏഴിലെത്തി. 2021ൽ ഇത് നാലു മാത്രമായിരിക്കും. വൃദ്ധജനങ്ങളുടെ പരിചരണത്തിന് കൂടി കുറഞ്ഞ എണ്ണം യുവാക്കൾ സമയം കണ്ടെത്തേണ്ടി വരുമ്പോൾ അത് കേരളത്തിൽ വലിയ പ്രതിസന്ധി തന്നെ സൃഷ്ടിക്കും. പുരുഷന്മാരേക്കാൾ ജീവിതദൈർഘ്യം കൂടുതലുള്ളത് സ്ത്രീകൾക്കായതിനാലും കേരളത്തിലെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലായതിനാലും (ഇന്ത്യയിൽ കേരളത്തിൽ മാത്രമുള്ള സവിശേഷതയാണിത്) വൃദ്ധസ്ത്രീകൾ, അതും വിധവകളായവരുടെ സംരക്ഷണം നമ്മുടെ സുപ്ര

നരക്കുന്ന കേരളം. കേരളാ സർക്കാറിന്റെ മാനവവികസന റിപ്പോർട്ട് – 2005 പ്രസിദ്ധീകരിച്ച ഗ്രാഫ്



ധാന ദൗത്യമായി മാറും.

**മാൽത്തൂസിയൻ കെണിയിൽ ആരും വീണില്ല**

ലോകത്തിലെ ജനസംഖ്യ ആകെ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യോൽപാദനത്തേക്കാൾ വർധിക്കുമ്പോൾ അവർ കൂട്ടനാശത്തിലേക്ക് വഴുതി വീഴുമെന്ന് പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ തോമസ് മാൽത്തൂസ് 1798ൽ പ്രവചിച്ചിരുന്നു (Thomas Malthus. 1798. An essay on the Principle of Population. chapter VII. P.61). "പകർച്ച വ്യാധികളിൽനിന്നും പ്ലേഗിൽ നിന്നും പതിനായിരങ്ങളെ കുരുതി കൊടുത്തതിനുശേഷമാണെങ്കിലും നാം രക്ഷപ്പെട്ടു. പക്ഷേ, വിജയം അപൂർണമാണ്. തടയാനാവാത്ത ഭീമാകാരമായ ഭക്ഷ്യക്ഷാമ ഭീഷണി അരികിൽ തന്നെയുണ്ട്. അതിന്റെ മാരകമായ പ്രഹരം ജനതകളെ നിലംപരിശാക്കും.." മാൽത്തൂസ് എഴുതി.

മാൽത്തൂസിന്റെ ദുരന്തം, മാൽത്തൂസ് കെണി എന്നെല്ലാം അറിയപ്പെട്ട ഈ സിദ്ധാന്തത്തിൽ പിന്നീട് ഭക്ഷ്യക്ഷാമത്തിന്റെ സ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി, ഇന്ധന പ്രതിസന്ധി തുടങ്ങിയവയെല്ലാം പകരം വെക്കപ്പെട്ടു. ലോക ജനസംഖ്യ വളരെയധികം വളർന്നെങ്കിലും ഭക്ഷണം ഉൽപാദിപ്പിക്കാനാവാത്തതിന്റെ പേരിലല്ല ജനങ്ങൾ വിവിധ രാജ്യങ്ങളിൽ പട്ടിണി കിടന്ന് മരിക്കേണ്ടിവന്നതെന്ന് ലോക ഭക്ഷ്യകാർഷിക സമിതി (FAO- Food and Agricultural Organisation of the United Nations) 2006ൽ നടത്തിയ, 180 രാജ്യങ്ങൾ പങ്കെടുത്ത ലോക ഭക്ഷ്യ സമ്മേളനം (world food summitt 2006) അംഗീകരിച്ച രേഖയിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. പ്രസ്തുത രേഖ പറയുന്നു: "നമ്മൾ ഒന്നാമതായും ഏറ്റവും പ്രധാനമായും ഉറപ്പിച്ചു പറയുന്നു, ലോക ജനതയുടെ പോഷകാഹാരക്കുറവ് പരിഹരിക്കുകയെന്നത് അന്താരാഷ്ട്ര സമൂഹത്തിന്റെ മുന്നിൽ ഒരു ചോദ്യം പോലുമല്ല. ലോകം കഴിഞ്ഞ ദശകത്തേക്കാൾ സമ്പന്നമാണിന്ന്. വളരെയധികം ഭക്ഷണം ലഭ്യമാണ്. വില കൂട്ടാതെ തന്നെ ഇനിയുമേറെ ഉൽപാദിപ്പിക്കാൻ സാധിക്കും. പട്ടിണി ഇല്ലാതാക്കാനുള്ള അറിവും വിഭവങ്ങളും കൈയിലുണ്ട്. ഇല്ലാത്തത് ഈ വിഭവങ്ങൾ പട്ടിണി കിടക്കുന്നവർക്ക് എത്തിച്ചുകൊടുക്കാനുള്ള രാഷ്ട്രീയ ഇഛാശക്തിയാണ്."

വിഭവങ്ങൾ ഇല്ലാത്തതല്ല, അതിന്റെ ഉൽപാദനവും വിതരണവും ചൂഷണത്തിലധിഷ്ഠിതമായതിനാലാണ് ജനങ്ങൾ പട്ടിണി കിടക്കേണ്ടി വരുന്നത്. മൂലധനക്കുത്തകകൾ നിയന്ത്രിക്കുന്ന ആഗോളവിപണിയിൽ ഉൽപന്നങ്ങൾ ജനങ്ങൾക്ക് ഉപയോഗിക്കാനുള്ളതല്ല, കുത്തകകൾക്ക് കൊള്ളലാഭമുണ്ടാക്കാനുള്ളതു മാത്രമാണ്. ലോക ജനതയിലൊരു വിഭാഗത്തിന്റെ ഉപഭോഗത്തോതും രീതിയും മറ്റൊരു വിഭാഗത്തെ പട്ടിണിയിലേക്ക് തള്ളിവിടുന്നു. സമ്പന്നർക്ക് മീൻമുട്ട(cavier) വിഭവങ്ങൾ ഉണ്ടാക്കാനായി മാത്രം നൂറുകണക്കിന് സാൽമൺ മത്സ്യ

## ജനസംഖ്യാ പ്രതിസന്ധി

സ്പെയിൻ, സ്വീഡൻ, ഗ്രീസ്, ഫ്രാൻസ്, റഷ്യ, ജപ്പാൻ തുടങ്ങി റുമേനിയ, ബൾഗേറിയ, ഉക്രൈൻ വരെയുള്ള 106 രാജ്യങ്ങളിൽ പ്രത്യുൽപാദന നിരക്ക് സ്ഥിരമായ ജനസംഖ്യക്കാവശ്യമായ 2.1ൽ താഴെയാണ്. 77 രാജ്യങ്ങൾ ജനദൗർലഭ്യത്തിന്റെ പ്രശ്നങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. 2030 ആകുമ്പോൾ യൂറോപ്പിൽ ഇന്നുള്ളതിന്റെ 30 ദശലക്ഷം പേർ കുറവായിരിക്കും. ഇറ്റലിയിൽ 25 ശതമാനം സ്ത്രീകൾക്കും കുഞ്ഞുങ്ങളേ വേണ്ട. മറ്റൊരു 25 ശതമാനത്തിന് ഒരു കുഞ്ഞുമാത്രം മതി. യൂറോപ്പിലെ മിക്ക നഗരങ്ങളിലും മരണനിരക്കിന്റെ പകുതിയാണ് ജനനനിരക്ക്. റഷ്യയിൽ 1990ൽ 148 ദശലക്ഷം പേരുണ്ടായിരുന്നത് 2050ൽ 111 ദശലക്ഷമായും, ഇതിന്റെ മറുവശത്ത് വൃദ്ധജനങ്ങളുടെ എണ്ണം വർധിക്കുന്നു. 2050ൽ യൂറോപ്പിൽ റിട്ടയർ ചെയ്തവരുടെയും ജോലിചെയ്യുന്നവരുടെയും അനുപാതം 2:1. റഷ്യയിൽ ഇത് 1:1. 2050ൽ സ്പെയിനിലെ പകുതിയിലേറെ ആളുകൾ 55 വയസിന് മുകളിലുള്ളവരാകും. റഷ്യയിലെ സൈബീരിയയും മറ്റും കിഴക്കൻ പ്രദേശങ്ങളും അക്ഷരാർഥത്തിൽ കാടുകളായി മാറും. ജപ്പാനിൽ 2055ൽ 40 ശതമാനം പേരും 65 വയസിനു മുകളിലുള്ളവരായിരിക്കും.

എല്ലാ രാജ്യങ്ങളിലും ജനസംഖ്യ ഉയർത്തുന്നതിന് വമ്പിച്ച ആനുകൂല്യങ്ങളും സാമ്പത്തിക സഹായങ്ങളും നടപ്പിലാക്കിയിരിക്കുന്നു. റഷ്യൻ പാർലമെന്റ് 10 വർഷ പദ്ധതി പ്രഖ്യാപിച്ചു. ജനിക്കുന്ന ഓരോ കുഞ്ഞിനും സാമ്പത്തിക സഹായങ്ങൾ. കാറും ഫ്രിഡ്ജുമടക്കമുള്ള സമ്മാനങ്ങൾ. ആസ്ട്രിയയിൽ കുഞ്ഞൊന്നിന് 5000 ഡോളർ. കൂടാതെ മാതാപിതാക്കൾക്ക് അരമാസത്തെ ശമ്പളവും കുഞ്ഞിന്റെ മുഴുവൻ ചെലവുകളും. ഫ്രാൻസ്, ജർമനി, ഇറ്റലി, പോളണ്ട് ഇവിടങ്ങളിൽ പ്രതിമാസ സാമ്പത്തിക സഹായം. ജപ്പാനിലെ വിവിധ പട്ടണങ്ങളിൽ വിവിധതരം സാമ്പത്തിക സഹായങ്ങൾ. സിംഗപ്പൂരിൽ ഒന്നാമത്തെ കുഞ്ഞിന് 3000, രണ്ടാമത്തേതിന് 9000, മൂന്നാമത്തേത് മുതൽ 18000 ഡോളർ വീതം. കുഞ്ഞ് ജനിച്ചാൽ എല്ലായിടത്തും ഉദ്യോഗസ്ഥർക്ക് ലീവും പണവും നൽകും. സ്വീഡനിൽ 18 മാസമാണ് മാതാപിതാക്കൾക്ക് ശമ്പളത്തോടു കൂടിയ അവധി.

ജനസംഖ്യ കുറഞ്ഞാൽ നാടിന്റെ സാമ്പത്തിക നട്ടെല്ലൊടിയും എന്ന് ബോധ്യമായ സർക്കാറുകൾ അതീവ ഉത്കണ്ഠയിലാണ്. കുടിയേറ്റങ്ങൾ വ്യാപകമായി പ്രോത്സാഹിപ്പിക്കപ്പെടുന്നു. ജനനനിരക്കും മരണനിരക്കും ഒരുപോലെ കുറയുന്നതിനാൽ വൃദ്ധരെ പരിപാലിക്കുന്നതിനു തന്നെ വലിയ മനുഷ്യാധ്വാനവും സമ്പത്തും ആവശ്യമായി വന്നിരിക്കുന്നു. ■

ങ്ങളെ കൊല്ലുന്നതും ബയോ ഇന്ധനങ്ങൾ ഉൽപാദിപ്പിക്കാനായി ലക്ഷണക്കണക്കിന് ടൺ ധാന്യങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും ഉദാഹരണം. അവികസിത രാജ്യങ്ങളിലെ പാശ്ചാത്യ കുത്തക ചൂഷണങ്ങളാണ് ഒട്ടനവധി ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളിൽ പട്ടിണി വിതച്ചതെന്ന് ആർക്കാണറിയാത്തത്. *പരാന്നഭോജികൾ- പാശ്ചാത്യവത്കരണത്തിന്റെ അഞ്ഞൂറ് വർഷം* എന്ന കൃതിയിൽ ജെറമീ സീബ്രൂക്കും വിനിൻ പെരീരയും പറയുന്നു: "മൂന്നിൽ രണ്ട് ലോകത്ത് ജനസംഖ്യ നിയന്ത്രിക്കാൻ പാശ്ചാത്യർ പാടുപെടുന്നതെന്തിനെന്നോ? ആഗോള വിഭവങ്ങളിൽ അവർക്കുള്ള വിഹിതം കൂടിപിടിച്ചെടുക്കാൻ; ആഗോളവത്കരണവും നവലിബറൽ സാമ്പത്തിക നയങ്ങളും വഴി ഇത് അരക്കിട്ടുറപ്പിച്ചിരിക്കുന്നു. വിഭവ വിതരണത്തിലെ നീതിയും ചൂഷണ മുക്തമായ ലോക സാമ്പത്തിക ക്രമവും കെട്ടിപ്പടുക്കുകയെന്നതാണ് ലോകജനതയുടെ ക്ഷേമത്തിനുള്ള ശരിയായ മാർഗം."

മനുഷ്യനെ കേവലമൊരു വസ്തുവായി പരിഗണിക്കുന്ന ദർശനങ്ങൾ കൂടി ഈ ആശയങ്ങളുടെ പിറകിലുണ്ട്. നാം പുരോഗമിച്ചതെന്ന് വിശ്വസിപ്പിക്കപ്പെട്ട ആധുനികതയുടെ നൂറ്റാണ്ടുകളിൽ തന്നെയാണ് ശാസ്ത്രവും ഭൗതികദർശനങ്ങളും ചേർന്ന് മനുഷ്യനെയും മറ്റൊരു വസ്തുവാക്കിയത്. നാം പദാർഥമാകുന്നു. അല്ലെങ്കിൽ അതിന്റെ ഉൽപന്നമോ ഫലമോ ആകുന്നു. ആത്മാവ്, വികാരങ്ങൾ, മനസ്, സ്വഭാവം, സംസ്കാരം എല്ലാം പദാർഥങ്ങളുടെയും അതിന്റെ പ്രതിപ്രവർത്തനങ്ങളുടെയും ഫലംമാത്രം. യന്ത്രങ്ങളെപ്പോലെ മനുഷ്യനെ കൈകാര്യം ചെയ്യുന്ന ഈയവസ്ഥയാണ് ജോർജ് ഓർവെല്ലിന്റെ 1984 പോലുള്ള നോവലുകളിൽ ആവിഷ്കരിക്കപ്പെട്ടത്. സോഷ്യലിസവും മുതലാളിത്തവും വ്യത്യസ്ത വഴികളിലൂടെ ഈ കേവല ഭൗതികതക്ക് ദർശനഭാഷ്യം ചമച്ചു. ഇതിനുയോജിച്ച സാമ്പത്തിക ശാസ്ത്രം മാൽത്തൂസിന്റെ നേതൃത്വത്തിൽ നിർമിക്കപ്പെട്ടു.

ശാസ്ത്രത്തിന്റെ അപ്രമാദിത്വം തകർക്കപ്പെടുകയും ഭൗതിക ദർശനങ്ങൾ പരാജയപ്പെടുകയും ചെയ്തിരിക്കുന്നു. മനുഷ്യൻ കേവലപദാർഥമല്ലെന്നും വികാരവിചാരങ്ങളും അതീത സത്തയുമുള്ള സൃഷ്ടിയാണെന്നുമുള്ള അറിവിലേക്കാണ് ലോകം പുരോഗമിക്കുന്നത്. ഒരുവശത്ത് നിയന്ത്രണമില്ലാത്ത വ്യക്തിസ്വാതന്ത്ര്യത്തിനായി വാദിക്കുന്നവർ തന്നെയാണ് മറുവശത്ത് ഈ ഏകമുഖ സാമൂഹിക തീവ്രവാദവും കൊണ്ടുവരുന്നതെന്ന വൈരുധ്യവും ഇവിടെയുണ്ട്. ■

fasalkathikode@yahoo.co.in